**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3898** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ. എ. നെല്ലിക്കുന്ന്</td><td colspan="2">ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാസർഗോഡ് നിയോജകമണ്ഡലത്തിൽ എത്ര മത്സ്യത്തൊഴിലാളികളും അനുബന്ധ തൊഴിലാളികളും ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;</td><td>(എ)</td><td>മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും പട്ടിക മത്സ്യഗ്രാമം അടിസ്ഥാനത്തിലാണ് തയ്യാറാക്കി വരുന്നത്. കാസറഗോഡ് നിയോജക മണ്ഡലത്തിൽ കസബ, കാവുഗോളി മത്സ്യഗ്രാമങ്ങൾ ഉൾപ്പെടുന്നു. കസബ മത്സ്യഗ്രാമം കാസറഗോഡ് മുനിസിപ്പാലിറ്റിയിലും കാവുഗോളി മത്സ്യഗ്രാമം ഭാഗികമായി കാസറഗോഡ് മുനിസിപ്പാലിറ്റിയിലും മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്തിലും ഉൾപ്പെടുന്നു. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും എണ്ണം ചുവടെ ചേർക്കുന്നു.<br><br><table><tr><th>മത്സ്യഗ്രാമം</th><th>മത്സ്യത്തൊഴിലാളി കളുടെ എണ്ണം</th><th>അനുബന്ധത്തൊഴിലാളി കളുടെ എണ്ണം</th></tr><tr><td>കസബ</td><td>2201</td><td>143</td></tr><tr><td>കാവുഗോളി</td><td>209</td><td>19</td></tr><tr><td>ആകെ</td><td>2410</td><td>162</td></tr></table></td></tr>
<tr><td>(ബി)</td><td>ഇവരിൽ സ്ഥിരമായി വീടില്ലാത്തതും റേഷൻ കാർഡ് ഇല്ലാത്തതും വൈദ്യുതി, ശൗചാലയം തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>മത്സ്യത്തൊഴിലാളി മേഖലയിലെ സ്ഥിരമായി വീടില്ലാത്തതും റേഷൻ കാർഡ് ഇല്ലാത്തതും വൈദ്യുതി, ശൗചാലയം തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ കുടുംബങ്ങളുടെ വിവര ശേഖരണത്തിനായുള്ള സോഷ്യോ ഇക്കണോമിക് സർവ്വെ അന്തിമ ഘട്ടത്തിലാണ്. സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്നതാണ്.</td></tr>
<tr><td>(സി)</td><td>റേഷൻ കാർഡ് ഉള്ള പ്രസ്തുത തൊഴിലാളികളിൽ ബി. പി. എൽ. റേഷൻ കാർഡിന് അർഹത ഉണ്ടായിട്ടും എ. പി. എൽ. വിഭാഗത്തിൽ ഉൾപ്പെട്ടവർ എത്രയുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>മത്സ്യത്തൊഴിലാളി മേഖലയിലെ സ്ഥിരമായി വീടില്ലാത്തതും റേഷൻ കാർഡ് ഇല്ലാത്തതും വൈദ്യുതി, ശൗചാലയം തുടങ്ങിയ മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ കുടുംബങ്ങളുടെ വിവര ശേഖരണത്തിനായുള്ള സോഷ്യോ ഇക്കണോമിക് സർവ്വെ അന്തിമ ഘട്ടത്തിലാണ്. സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്നതാണ്.</td></tr>
<tr><td>(ഡി)</td><td>പ്രതികൂല സാഹചര്യങ്ങളിൽ മത്സ്യബന്ധനത്തിന്</td><td>(ഡി)</td><td>കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും</td></tr>
</table>

| | | |
|---|---|---|
| | പോകാൻ കഴിയാത്ത ദിനങ്ങളിൽ ജീവിക്കാനുള്ള വരുമാനമില്ലാതെ പ്രയാസപ്പെടുമ്പോൾ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത തൊഴിലാളികൾക്കായി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ് ,കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട് കേരള മത്സ്യ തൊഴിലാളി ക്ഷേമ നിധി ബോർഡിൻറെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021- ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.<br><br>കോവിഡ് 19 ൻെറ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 30/07/2020 ലെ സ.ഉ(സാധാ)നം.210/2020/ഭ.പൊ.വി.വ ഉത്തരവിൻെറ അടിസ്ഥാനത്തിൽ 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്.<br><br>2022 എപ്രിൽ ,മേയ് , ജൂലൈ , ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര- അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20/01/2023 ലെ സ.ഉ (സാധാ)നം.64/2023/മ. തു.വ പ്രകാരം റവന്യൂ വകുപ്പ് (സ.ഉ.(സാധാ)നം476/2023/റ.വ. തീയതി 29/01/2023) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി.<br><br>2025 മെയ് 25 ന കേരള തീരത്ത് നിന്ന് 14.6 നോട്ടിക്കൽ മൈൽ അകലെ അറബി കടലിൽ ഉണ്ടായ MSC എൽസ കപ്പൽ അപകടം തിരുവനന്തപുരം, കൊല്ലം ,ആലപ്പുഴ ,എറണാകുളം എന്നീ ജില്ലകളിലെ മത്സ്യതൊഴിലാളികളുടെ ഉപജീവന മാർഗ്ഗത്തെ സാരമായി ബാധിച്ച സാഹചര്യത്തിൽ മേൽ പറഞ്ഞ ജില്ലകളിലെ 78498 മത്സ്യ തൊഴിലാളി കുടുംബങ്ങൾക്കും 27020 മത്സ്യ ബന്ധന അനുബന്ധ തൊഴിലാളികൾക്കും ഇടക്കാല ആശ്വാസമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 1000 രൂപ വീതവും ഒരു കുടുംബത്തിനു 6 കിലോ അരി വീതം സൗജന്യ റേഷനും അനുവദിച്ചു നൽകാൻ 03/06/2025 ലെ സ ഉ (സാധ) നം 371/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട് .അതിൻ പ്രകാരം മേൽ പറഞ്ഞ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് 1000/-രൂപ വീതം നൽകാൻ 10.5518 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു ഉത്തരവായിട്ടുണ്ട് .പ്രസ്തുത തുക ബന്ധപ്പെട്ട ജില്ല ഓഫീസർമാർ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് .കൂടാതെ 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട 172160 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് (മറൈൻ കുടുംബങ്ങൾ 132822+അനുബന്ധ കുടുംബങ്ങൾ 39338)ധനസഹായം നൽകുന്നതിനായി 48.2048 കോടി രൂപ CMDRF മുഖേന അനുവദിക്കുവാൻ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച പ്രൊപോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

അതിതീവ്ര ചുഴലിക്കാറ്റുപോലുള്ള കാലാവസ്ഥ മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ കാലം തൊഴിൽ നഷ്ടപ്പെടുകയാണെങ്കിൽ പ്രസ്തുത കാലത്ത് തൊഴിൽ നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് ആനുപാതികമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്.

അതുപോലെ ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നുണ്ട്. കൂടാതെ ട്രോൾ ബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും 4,500/- രൂപ ധനസഹായം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിൽ 1,500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1,500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1,500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. കൂടാതെ സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ പദ്ധതി. ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധതൊഴിലാളികൾക്കും 1,350/- രൂപ നിരക്കിൽ പ്രതിവർഷം പഞ്ഞമാസക്കാലത്ത് ധനസഹായം നൽകിവരുന്നുണ്ട്.

MSC ELSA 3 എന്ന കപ്പൽ കേരളതീരത്ത് മുങ്ങിയതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ നാല് ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് 2025 മെയ് 25 മുതൽ ജൂൺ 1 വരെയുള്ള കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ട് ഉപജീവനമാർഗ്ഗത്തിൽ നിന്നുള്ള വരുമാനത്തിന് ഇടക്കാല നഷ്ട പരിഹാരം നൽകുന്നതിനും കടൽ വെള്ളത്തിന്റെയും, മത്സ്യങ്ങളുടെയും സാമ്പിൾ പഠനത്തിനുമുള്ള പ്രൊപ്പോസൽ Damage Assessment Committee യ്ക്ക് തുടർ നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

2021, 2022, 2023 വർഷങ്ങളിലെ പ്രതികൂല കാലാവസ്ഥ മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട കാസറഗോഡ് നിയമസഭാ മണ്ഡലത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധത്തൊഴിലാളി കുടുംബങ്ങൾക്ക് യഥാക്രമം 1200, 3000 രൂപ വീതം തുക അനുവദിച്ചിട്ടുണ്ട്. വിവരങ്ങൾ **അനുബന്ധം 1** ആയി ചേർക്കുന്നു.

കാസറഗോഡ് നിയമസഭാ മണ്ഡലത്തിൽ സമ്പാദ്യ സമാശ്വാസ പദ്ധതി മുഖേന വിതരണം ചെയ്ത തുക സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| **വർഷം** | **കുടുംബങ്ങളുടെ എണ്ണം** | | **ആകെ അനുവദിച്ച തുക** |
|---|---|---|---|
| | മത്സ്യത്തൊഴിലാളി | അനുബന്ധത്തൊഴിലാളി | |
| 2021 | 1082 | 45 | 13,52,400 |
| 2022 | 1082 | 45 | 33,81,000 |
| 2023 | 1082 | 45 | 33,81,000 |

<u>അനുബന്ധം 2</u>

| ക്രമ നമ്പർ | പദ്ധതി വർഷം | കസബ | | | കാവുഗോളി | | |
|---|---|---|---|---|---|---|---|
| | | എണ്ണം | ഗുണഭോക്തൃ വിഹിതം | സർക്കാർ വിഹിതം | എണ്ണം | ഗുണഭോക്തൃ വിഹിതം | സർക്കാർ വിഹിതം |
| 1. | 2021-22 | 1961 | 2813000 | 5626000 | 146 | 207000 | 414000 |
| 2. | 2022-23 | 1871 | 2648000 | 5296000 | 153 | 239500 | 479000 |
| 3. | 2023-24 | 1885 | 2676000 | 5352000 | 171 | 243500 | 487000 |
| 4. | 2024-25 | 1802 | 2583000 | ----- | 172 | 243000 | --------- |